Vol: 3
Issue: 35


# നീരുറവ

January 2017

neeruravapathram@gmail.com
www.neerurava.com

**മരുഭൂമിയിൽ ചൈതന്യം പകരുവാൻ ദൈവസന്നിധിയിൽ നിന്നൊഴുകുന്ന വറ്റാത്ത ജീവജല ഉറവ**



# പുതുവർഷത്തിൽ ആത്മീക ഉണർവ്വിനായ് ഒരുങ്ങാം



ബിജി ഫിലിപ്പ്

"ഉറങ്ങുന്നവനെ, ഉണർന്നു മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേൽക്കുക, എന്നാൽ ക്രിസ്തു നിൻറെ മേൽ പ്രകാശിക്കും" ആധുനീക വാദ്യോപകരണങ്ങൾ ഉപയോഗിച്ചു കൈത്താളങ്ങളോടെ, ശബ്ദ കോലാഹലങ്ങളോടെ ദൈവത്തെ ആരാധിക്കുന്നത് മാത്രമാണോ ഉണർവിന്റെ മാനദണ്ഡം? മരിച്ച അവസ്ഥകളിൽ നിന്നും സഭകൾ എഴുന്നേൽക്കുന്നതാണ് ഉണർവ്വ്. ഉണർവ്വിനു തടസ്സം ആത്മീക ഉറക്കമാണ്. " ഞാൻ ധനവാൻ, സമ്പന്നൻ എനിക്ക് ഒന്നിനും മുട്ടില്ല" എന്ന നിലയിൽ എത്തുകയും അഹങ്കരിക്കുകയും ചെയ്തതായിരുന്നു ലെവോദിക്യ സഭയുടെ ആത്മീയ ഉറക്കത്തിനു കാരണമെന്നു വെളിപ്പാട് പുസ്തകം വ്യെക്തമാക്കുന്നു. ആത്മീകമായും ഭൗതീകമായും എല്ലാം തികഞ്ഞവർ എന്ന് തോന്നിതുടങ്ങിയാൽ ഉണർവ്വ് ഉണ്ടാകുന്നതെങ്ങനെ?

ജീവനുള്ളവൻ എന്ന് പേരുണ്ടെങ്കിലും സർദിസ് സഭയാകട്ടെ ഉണർവ്വില്ലാതെ മരിച്ച അവസ്ഥക്ക് തുല്യമായിരുന്നു. എങ്ങനെയാണു ഉണർവ്വിലേക്കു ദൈവസഭ പ്രവേശിക്കുന്നത്? ഹൃദയനുറക്കത്തോടും കണ്ണ് നീരോടും കൂടിയ പ്രാർത്ഥനയിലൂടെ മാത്രമേ ഉണർവ് ഉണ്ടാകുകയുള്ളൂ.

യിസ്രായേൽ ജനം ദൈവത്തോട് കണ്ണുനീരോടെ നിലവിളിച്ചു, നിൻറെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിനു നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കണം എന്നവർ യാചിച്ചു. മരിച്ചു മരവിച്ച ആത്മീയ അനുഭവത്തിലുള്ളവർക്കു എങ്ങനെ സന്തോഷിക്കുവാൻ കഴിയും? ഈ ലോകത്തിന്റെ ധനവും സ്ഥാനമാനങ്ങളും യഥാർഥ സന്തോഷം പ്രധാനം ചെയ്യുക ഇല്ലല്ലോ.

ബാബിലോന്യ അടിമത്തത്തിൽ യിസ്രായേൽ ആയപ്പോൾ അവർ ചിതറിയ അസ്ഥികൂടങ്ങൾ പോലെ ശവക്കുഴിയിൽ കിടക്കുന്ന അവസ്ഥയിൽ ആയിരുന്നു. യെരുശലേമിനെ ഓർത്തു കരഞ്ഞു അവർ കിന്നരങ്ങളെ അലരി വൃക്ഷത്തിന്റെ കൊമ്പിൽ തൂക്കിയിട്ടു, പാടുവാനോ, പ്രാർത്ഥിക്കുവാനോ, ആനന്ദിക്കുവാനോ അവർക്കു കഴിഞ്ഞില്ല. എന്നാൽ ദൈവം ദാനിയേലിനെയും പ്രാർത്ഥിക്കുന്ന ബാലന്മാരെയും എഴുന്നേൽപ്പിച്ചു. ഇരുപത്തി ഒന്ന് ദിവസം സ്വാദു ഭോജനങ്ങൾ ഉപേക്ഷിച്ചു പ്രാർത്ഥിച്ച ദാനിയേൽ തൻറെയും ജനത്തിൻറെയും പാപങ്ങളെ ഏറ്റു പറഞ്ഞു ഉപവസിച്ചു രട്ടുടുത്തും വെണ്ണീറിൽ ഇരുന്നും പ്രാർത്ഥിച്ചു. കണ്ണുനീരോടുള്ള പ്രാർത്ഥനയുടെ മറുപടിയായി ദൈവം കോരെശ് രാജാവിനെ എഴുന്നേൽപ്പിച്ചു. യിസ്രായേൽ അവരുടെ ദേശത്തേക്കു മടങ്ങിപ്പോയി ആലയം പണിയുവാൻ കോരെശ് അനുവദിച്ചു. അവരുടെ ശവക്കുഴി തുറന്നു ദൈവം അവരെ പുറത്തെടുത്തു. അവരുടെ വായിൽ ചിരിയും ആർപ്പും നിറഞ്ഞു. യെഹോവ ഞങ്ങളിൽ വൻകാര്യങ്ങൾ ചെയ്തിരിക്കുന്നു എന്ന് പ്രഖ്യാപിച്ചു കൊണ്ട് ആലയവും മതിലും അവർ പണിതു. വലിയ ഉണർവ്വുണ്ടായി. ഇവാൻ റോബർട്ട് വെയിൽസിൽ ഉണർവ്വുണ്ടാകുവാൻ പതിമൂന്നു വർഷങ്ങൾ കണ്ണുനീരോടെ പ്രാർത്ഥിച്ചു. നാല്പത്തിനായിരത്തിൽപരം ആളുകൾ ഉണർവ്വിനായി ഇംഗ്ലണ്ടിൽ ദൈവത്തോട് നിലവിളിച്ചു. അതിൻറെ ഫലമായി ശക്തമായ ഉണർവ്വുണ്ടായി. നാടകശാലകളും, ഡാൻസ് വേദികളും മദ്യഷാപ്പുകളും അടച്ചു പൂട്ടുകയും ജനം പൊട്ടിക്കരഞ്ഞുകൊണ്ട് മടങ്ങി വരുകയും ചെയ്തു. ഇവാൻ പോയ സ്ഥലങ്ങളിൽ ഉണർവ്വ് വ്യാപാരിച്ചു. തന്റെ സഭാഹാളിൽ പതിനാറു ചെറുപ്പക്കാരുമായ പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോഴാണ് ഉണർവ്വ് പൊട്ടിപ്പുറപ്പെട്ടത്.

മരിച്ചവർ ദൈവപുത്രന്റെ ശബ്ദം കേൾക്കുകയും കേൾക്കുന്നവർ ജീവിക്കയും ചെയ്യുന്ന നാഴിക വരുന്നു. ചീർപ്പിക്കുന്ന അറിവും കൊല്ലുന്ന അക്ഷരവും അല്ല ജീവിപ്പിക്കുന്ന ആത്മ നിറവുള്ള ദൂതാണ് ഉണർവ് ഉളവാക്കുന്നത്. എൻറെ വായിൽ നിന്നും പുറപ്പെടുന്ന വചനം വെറുതെ എൻറെ അടുക്കലേക്കു മടങ്ങി വരാതെ എനിക്ക് ഇഷ്ടമുള്ളത് നിവർത്തിച്ചു അയച്ച കാര്യം സാധിപ്പിക്കും. ദൈവ വചനം ജീവനും ചൈതന്യമുള്ളതും അതിൻറെ ശക്തി വിസ്മയാവഹവുമാണ്. പ്രവാചകനായ യെഹെസ്കേൽ ദൈവ വചനം പ്രവചിക്കാൻ തുടങ്ങിയപ്പോൾ അസ്ഥി അസ്ഥിയോടു യോജിക്കയും ഞരമ്പ് വരുകയും മാംസം പിടിച്ചു തൊക്ക് പൊതിയപ്പെടുകയും ചെയ്തു. പ്രവചനത്തിന്റെ ശക്തിയാൽ കാറ്റ് നിഹിതന്മാരുടെ മേൽ വരുകയും അവർ വലിയ സൈന്യമായി ഉയർത്തെഴുന്നേൽക്കയും ചെയ്തു. കാലം അതിൻറെ അന്ത്യത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. നമ്മുടെ കർത്താവിന്റെ വരവ് സമീപസ്ഥമായിരിക്കുന്നു. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളത് ചിന്തിച്ചുകൊണ്ട് ലോകമെങ്ങും വ്യാപാരിച്ചു കൊണ്ടിരിക്കുന്ന അന്ത്യകാല ഉണർവിനും പരിശുദ്ധാല്മ പകർച്ചക്കും നമുക്കും ഒരുങ്ങാം. പുതുവർഷം ഉണർവിനും അഭിഷേകത്തിനും ദൈവസാനിധ്യത്തിനും പ്രാധാന്യം നൽകിക്കൊണ്ട് മുന്നേറുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

നീരുറവയുടെ എല്ലാ വായനക്കാർക്കും ഹൃദയം നിറഞ്ഞ പുതുവത്സരാശംസകൾ

# കൊയ്ത്തിനായി ഒരുങ്ങാം



ബിനു വടക്കുംചേരി

പാലക്കാടിൻറെ പ്രശാന്ത സുന്ദരമായ ഗ്രാമങ്ങളിൽ കൊയ്ത്തിനായി വിളഞ്ഞു നിൽക്കുന്ന പാടങ്ങളുടെ കാഴ്ച്ച ആരുടെയും കണ്ണു കുളിർപ്പിക്കുന്നതാണ്.

കൃഷിക്കാരൻ തൻറെ കൃഷിയിടത്തിലെ മണ്ണ് ഉഴുതു മറിച്ചു വിതക്കാനായി കൃഷിയിടം ഒരുക്കി വിത്ത് പാകി,

ഞാറാകുമ്പോൾ നട്ട് പിന്നീട് വെള്ളവും വളവും പാകത്തിന് നൽകി ക്ഷമയോടെ നല്ലൊരു കൊയ്ത്തു കാലത്തിനായി കാത്തിരിക്കും.

ഒരു കൃഷികാരൻറെ വിശ്രമമില്ലാത്ത പകലുകളിൽ കഠിന അധ്വാനത്തിൻറെ ഫലമായിരിക്കും വരാൻപോകുന്ന ആ കൊയ്തുൽത്സവം.

“ കൃഷികാരൻ ഭൂമിയുടെ വിലയേറിയ ഫലത്തിനു കാത്തുകൊണ്ട് മുന്മഴയും പിന്മഴയും അതിനു കിട്ടുവോളം ദീർഘ ക്ഷമയോടിരിക്കുന്നുവല്ലോ.

നിങ്ങളും ദീർഘ ക്ഷമയോടിരിക്കുവിൻ” (യാക്കോബ് 5: 7).

2017 ൽ ഒരു ആത്മീയ കൊയ്ത്തിനായി നമ്മുക്ക് ഒരുങ്ങാം .

വയലുകൾ ഏറെ ഉണ്ട് എന്നാൽ വിതകാരോ വിരളം…....
വിതക്കുവാൻ ആളില്ലെങ്കിൽ എങ്ങനെ കൊയ്യും?

ക്രിസ്തുവിനു വേണ്ടി ജീവിതം നൽകുന്ന ദർശനമുള്ള മിഷനറിമാർ ഈ പുതു തലമുറയിൽ നിന്നും എഴുനേൽക്കട്ടെ...

അതോടൊപ്പം ഇന്നും മിന്നുന്ന ഉന്നതഭ്രിത്യന്മാർ അന്യരാകാതെ ക്രിസ്തുവിനു വേണ്ടി അന്ത്യം വരെ നല്ല പോർ പൊരുതുവാൻ നമ്മുക്ക് പ്രാർത്ഥിക്കാം.

‘സിയോൻ മക്കളേ , ഘോഷിച്ചുല്ലസിച്ചു നിങ്ങളുടെ ദൈവമായ യഹോവയിൽ സന്തോഷികുവിൻ ! അവൻ തക്ക അളവായി നിങ്ങൾക്കു മുന്മഴയും പിന്മഴയുമായ

വർഷം പെയിച്ചു തരുന്നു ‘ (യോവേൽ 2:23)

അതേ! നമ്മുക്കായി മുന്മഴയും പിന്മഴയും 2017 ൽ പെയിച്ചു തരുവാൻ ദൈവം ശക്തൻ. നാം തയാറാകാം വലിയൊരു കൊയിത്തിനായി നമുക്കൊരുങ്ങാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ! ഏവർക്കും പുതുവത്സരാശംസകൾ.

“ ദേശമെല്ലാം ഉണർന്നിടുവാൻ യേശുവിനേ ഉയർത്തിടുവാൻ ആശിഷമാരി അയക്കേണമേ ഈ ശിഷ്യരം നിൻ ദാസരിൽ മേൽ”

# ഇന്നലെയല്ല ഇന്ന്!!

**ഇന്നലെകളിൽ വന്ന നഷ്ടങ്ങളുടെ കണക്കുകൾ നോക്കി നിരാശപ്പെടുന്നതിനു പകരം, ദൈവത്തിന്റെ ശബ്ദം ഇന്ന് നമ്മുടെ ഉള്ളത്തോട് മന്ത്രിക്കുവാനായി നാം ഏൽപ്പിക്കുകയും, ദൈവ ശബ്ദത്തിനു അനുസൃതമായി നമ്മുടെ ജീവിത വഴികൾ തിരിച്ചു വിടുക വഴി നാം നമ്മെ രക്ഷിക്കുകയാണ് ചെയ്യുന്നത്.**



ടോമ്മി ഫിലിപ്പ്

പുതിയ പ്രതീക്ഷകൾ നൽകി കൊണ്ട് പുതുവർഷം ആഗതമായി. പിന്നിട്ടു പോയ വർഷത്തിന്റെ ബാക്കി പത്രത്തിൽ നിന്നും നമ്മിൽ വരുത്തിയ ലാഭ നഷ്ടങ്ങൾ നോക്കി കണ്ടു പാഠം ഉൾകൊള്ളുന്നവർക്കു ദൈവം വച്ചിരിക്കുന്ന അനുഗ്രഹ വഴികൾ കാണുവാൻ കഴിയും. ഇന്നലകളെക്കാൾ ഇന്നിനു നമ്മുടെ ജീവിതത്തിൽ പ്രാധാന്യതയുണ്ട്.

ഇന്നലെകൾ നൽകിയ വിജയം നമ്മിൽ ആത്മവിശ്വാസമായി മാറുകയും, പരാജയങ്ങൾ ആത്മപരിശോധനക്കു ഉള്ള അവസരവുമായി നാം ഇന്നിനെ കണ്ടാൽ നല്ലൊരു നാളെ നമുക്ക് ഉറപ്പാക്കാം. ലോകത്തിൽ കാണുന്നതും കേൾക്കുന്നതും ഒക്കെ നിരാശ സമ്മാനിക്കുന്ന അനുഭവങ്ങൾ ആണ് എന്ന് സാമാന്യ ജനത്തിന് ഒരു പക്ഷെ തോന്നിയാൽ അത് അതിശയം എന്ന് പറയാൻ കഴിയില്ല.

സാമൂഹിക, സാങ്കേതിക, രാഷ്ട്രീയ, സാമ്പത്തിക, പ്രകൃതി, മത മേഖലകളിൽ ഉണ്ടായി കൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഒന്നും മനുഷ്യന്റെ ഉന്നമനത്തിനും ഉദ്ധാരണത്തിനും ഉതകും എന്നുള്ളതു തോന്നൽ മാത്രമായി ഇന്ന് മനുഷ്യനിൽ സംശയം ജനിപ്പിച്ചു കൊണ്ടിരിക്കുമ്പോൾ ചുറ്റുപാടുകളിൽ ആശ്രയിക്കുന്നവർക്കു നിരാശ വരുന്നില്ലെങ്കിൽ നമുക്ക് അതിശയിക്കണം. ഏറ്റവും ജനസംഖ്യയുള്ള രാജ്യങ്ങളിൽ രണ്ടാം സ്ഥാനം ഉള്ള ഇന്ത്യ, ഡിജിറ്റൽ ഇന്ത്യ എന്ന ലക്ഷ്യത്തിൽ കുതിച്ചു വന്നെത്തി നിൽക്കുന്ന സ്ഥാനം നാം ചില ദിവസങ്ങൾ കൊണ്ട് തന്നെ മനസ്സിലാക്കി കൊണ്ടിരിക്കുന്നു. ചില നാളുകൾ, വർഷങ്ങൾ പിന്നോട്ട് ബാങ്കെന്തെന്നും ബാങ്കിലുപയോഗിക്കുന്ന കാർഡെന്തെന്നും അറിയാതിരുന്ന സാധുക്കളായ ഗ്രാമീണർ ബാങ്കിൽ പോകാൻ, കാർഡുകൾ ഉപയോഗിക്കാൻ നിർബന്ധിതമായി കഴിഞ്ഞു.

ഒരൊറ്റ ലോക വ്യവസ്ഥിതിയും, അതിനു ചേരുന്ന സാമ്പത്തിക വിനിമയ രീതികൾക്കും ഉള്ള കാലം അതികം ദൂരെ അല്ല എന്ന് സാഹചര്യങ്ങൾ നമ്മെ അറിയിക്കുന്നു.

രാഷ്ട്രീയക്കാർ, മായയായ പല മുഖമൂടികൾ നമ്മുടെ മുമ്പിൽ അണിഞ്ഞു സമാധാനത്തിന്റെ വാഗ്ദാനങ്ങൾ നൽകുമ്പോൾ, അതിലൂടെ ദുരിതങ്ങൾ ആണ് ഫലമായി അനുഭവിക്കുന്നത് എങ്കിൽ പോലും, നിസ്സാര കാര്യങ്ങൾക്കു പ്രക്ഷോഭം സംഘടിപ്പിച്ചു വന്നവർ പോലും പ്രതികരിക്കുവാൻ കഴിയാത്ത വിധം മൗനം ആയി പോകുന്നത് ജനങ്ങളുടെ ഇടയിൽ തിന്മയുടെ ശക്തി വെളിവാക്കി തരികയാണ്.

ഇന്ന് എന്നുള്ള ദിനത്തിൽ ഹൃദയത്തെ കഠിനപ്പെടുത്താതെ ദൈവത്തിന്റെ ശബ്!ദം കേൾക്കുവാൻ നാം അനുവദിച്ചാൽ നമ്മുടെ ഭാവി നിത്യമായി സുരക്ഷിതമാക്കാം. ഹെബ്രായ ലേഖനത്തിൽ കൃത്യമായി പറയുന്നത്; പാപവും മത്സരവും ഉള്ള ഹൃദയത്തിൽ ദൈവത്തിന്റെ ശബ്ദത്തിനു പ്രവേശനം ഇല്ലാതെ ഇരിക്കയും, സ്വർഗ്ഗീയ സ്വസ്ഥത അവർക്കു അന്യമായി തീരുകയും ചെയ്യുന്നു.

വർഷങ്ങൾ പിന്നിടുമ്പോൾ എന്തെല്ലാം ഭൗതിക നേട്ടങ്ങൾ മനുഷ്യൻ നേടിയാലും മൂല്യവത്തായ പലതും ഭൂമിയിൽ നിന്നും നീങ്ങി കൊണ്ടിരിക്കുകയാണ് എന്ന് സാഹചര്യങ്ങൾ നമുക്ക് തെളിവ് നൽകി കൊണ്ടിരിക്കുകയാണ്. പൂർണതോതിൽ തിന്മ വെളിപ്പെട്ടു വരാതെ ഇരിക്കുന്നതിന് കർത്താവിന്റെ സഭയും, പരിശുദ്ധാത്മാവും, പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കുന്നവർക്ക് വേണ്ടി പിതാവിന്റെ അടുക്കൽ പക്ഷവാദം ചെയ്യുന്ന യേശു കർത്താവും മാത്രമാണ് കാരണം ആകുന്നതു.

എത്രയും വേഗം കർത്താവിന്റെ മേഘ പ്രത്യക്ഷത ഉണ്ടാവുകയും സഭ ഇവിടെ നിന്നും മാറ്റപ്പെടുകയും ചെയ്യും, അന്ന് ഭൂമി പൂർണ്ണമായും നാശത്തിനു വിധേയം ആകും.

നോഹയുടെ കാലത്തു ഒരിക്കൽ വെള്ളത്താൽ ഭൂമി ശുദ്ധീകരിക്കപെട്ടത് പോലെ, ഇനിയും ഭൂമി തീയിൽ അഗ്നിശുദ്ധി ചെയ്യപ്പെട്ടു പുറത്തു വരേണ്ടതുണ്ട്.

ഇന്നലെകളിൽ വന്ന നഷ്ടങ്ങളുടെ കണക്കുകൾ നോക്കി നിരാശപ്പെടുന്നതിനു പകരം, ദൈവത്തിന്റെ ശബ്!ദം ഇന്ന് നമ്മുടെ ഉള്ളത്തോട് മന്ത്രിക്കുവാനായി നാം ഏൽപ്പിക്കുകയും, ദൈവ ശബ്ദത്തിനു അനുസൃതമായി നമ്മുടെ ജീവിത വഴികൾ തിരിച്ചു വിടുക വഴി നാം നമ്മെ രക്ഷിക്കുകയാണ് ചെയ്യുന്നത്.

ദൈവീക പരിപാലനത്തിന് പുറത്തു നിൽക്കുന്ന സകലത്തെയും വെട്ടി തീയിൽ ഇട്ടു ചുട്ടു കളയാൻ കൽപ്പന പുറപ്പെടുമ്പോൾ, ദൈവീക പരിപാലനത്തിന്റെ പരിധിയിൽ നിൽക്കുന്ന സകലത്തിനും ദൈവത്തിന്റെ ദീർഘക്ഷമയുടെ, ദയയുടെ, കരുണയുടെ, പരിരക്ഷ ലഭിക്കുന്നത് കൊണ്ട് വെട്ടി മാറ്റപ്പെടാതെ നിലനിന്ന ചിലതു ഫലങ്ങളുമായി ദൈവമുമ്പാകെ എത്തും, എന്ന ദൈവീക പ്രതീക്ഷക്കു മുമ്പിൽ നാം വിനയത്തോടു കൂടി പ്രതികരിക്കുമ്പോൾ, നമ്മുടെ നിത്യമായ ഭാവിയുടെ പ്രകാശകിരണങ്ങളാൽ നിറഞ്ഞ ഒരു പ്രത്യാശാ ജീവിതം ദൈവ മുമ്പാകെ കാഴ്ച്ച വെക്കുവാൻ സാധിക്കും എന്നതിന് രണ്ടു പക്ഷമില്ല. വിശ്വാസത്തിന്റെ

അടിസ്ഥാന തത്വങ്ങളിൽ നാം മനസ്സിലാക്കേണ്ട ഏറ്റവും വലിയ സത്യം; നാം ചുറ്റും കാണുന്നതിന് രൂപം കൊടുക്കുവാൻ, അതിനെ ഈ നിലയിൽ നിലനിർത്തുന്നത്, നാം ഇത് വരെ ശാരീരിക കണ്ണുകളിൽ കാണുകയോ, കാതുകളിൽ കേൾക്കുകയോ, മാനുഷീകമായി ഗ്രഹിക്കുകയോ ചെയ്യാത്ത, എന്നാൽ ആത്മ കണ്ണുകൾക്ക് മാത്രം കാണുവാൻ കഴിയുന്ന, ആത്മ കാതുകളിൽ ശ്രവിക്കുവാൻ കഴിയുന്ന ഒരു ആത്മ ലോകവും അതിനു കാരണഭൂതനായ ദൈവവും ആണ് എന്നത് അറിയുന്നതാണ്.

ക്രിസ്തു മാനുഷീക ജീവതത്തിൽ ദൈവത്തെ, ദൈവത്തിന്റെ വചനത്തെ, ദൈവത്തിന്റെ നിയമങ്ങളെ, ദൈവത്തിന്റെ സ്വഭാവത്തെ, ദൈവത്തിന്റെ സ്നേഹത്തെ, ദൈവത്തിന്റെ സമ്പൂർണ്ണതയെ ഒക്കെ ഭൂമിയിൽ വെളിവാക്കി കൊണ്ട് തന്നിൽ വിശ്വസിക്കുന്ന, തന്നെ അനുഗമിക്കുന്ന ശിഷ്യന്മാർക്കു ഒരു മാതൃക വച്ചിട്ട് പോയിരിക്കുകയാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നവർക്കു ഇന്ന് ഭൂമിയിൽ അയക്കപ്പെട്ട പരിശുദ്ധാത്മാവിന്റെ നിറവിൽ ദൈവവുമായി ആത്മാവിൽ വേർപ്പെടുത്തുവാൻ കഴിയാത്ത ബന്ധം ഉണ്ടാകുന്നുണ്ട്. അത്കൊണ്ട് തന്നെ ദൈവീക സംസർഗ്ഗവും, സമ്പർക്കവും ആത്മാവിൽ ഉള്ള ആരാധനയിലും പ്രാർത്ഥനയിലും ലഭ്യമായി കൊണ്ടിരിക്കുമ്പോൾ, അവർ ലോകം നൽകുന്ന സന്തോഷത്തിലും, ദുഖത്തിലും, ഏതായാലും അത് ജീവിതത്തിൽ ആസ്വദിക്കുകയാണ്.


യേശു പറഞ്ഞു: ഇതാ ഞാൻ വേഗം വരുന്നു..... നിങ്ങൾ ഒരുങ്ങിയിട്ടുണ്ടോ?
പ്രെയർ സെന്റർ ഒരുക്കുന്ന
വെണ്മണി ക്രൂസേഡ്
2017 ജനു: 30 മുതൽ ഫെബ്രു: 5 വരെ
സ്ഥലം : വെൺമണി പ്രെയർ സെന്റർ ഗ്രൗണ്ട്
സമയം : പകൽ 10.30 മുതൽ 1.30 വരെ, വൈകിട്ട് 6 മുതൽ 9 വരെ
പ്രസംഗകർ
Pr. ഒ.ഇ. വർഗ്ഗീസ്, മദ്രാസ്
Pr. തോമസ് മാമ്മൻ, കോട്ടയം
Pr. പി.സി. ചെറിയാൻ, റാന്നി
Pr. പ്രതാപ് സിംങ്, മദ്രാസ്
Pr. റോയി തോമസ്, കോഴിക്കോട്
Pr. അജി ആന്റണി, റാന്നി
Pr. തോമസ് ഫിലിപ്പ്, വെൺമണി
വാഹന സൗകര്യം ഉണ്ടായിരിക്കുന്നതാണ്
എല്ലാ ഞായറാഴ്ചയും രാവിലെ 8.30 മുതൽ 11.30 വരെ കുറുംകാട്ടിൽ കുടുംബ ഹാളിൽ വെച്ച് ആരാധന ഉണ്ടായിരിക്കുന്നതാണ്.
പകൽ യോഗങ്ങൾ
Pr. ശരത്ത് പുനലൂർ
Pr. ബിനോയ് പുത്തൻകുരിശ്ശ്
ഗാനശുശ്രൂഷ
Pr. സുനിൽ സോളമൻ
Bro. ജിബി കോലഞ്ചേരി
Dr. ബ്ലസ്സൻ മേമന
Bro. യേശുദാസ്, ചെങ്ങന്നൂർ
കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ സൈമൺ വെണ്മണി, 9744724560, 9447473052
ഏവർക്കും സ്വാഗതം


GIHON CHURCH OF GOD
MIDDLE EAST
ഫുജൈറയിലും അബുദാബി മുസ്സഫയിലും ജോലിക്കോ മറ്റു ആവശ്യങ്ങൾക്കോ വരുന്നവരുടെ ശ്രദ്ധയ്ക്ക്
നിങ്ങൾക്കായ് സത്യത്തിലും ആത്മാവിലുമുള്ള ആരാധനാ സൗകര്യം ഒരുക്കുന്നു
തിരുവചന ഉപദേശം അനുസരിച്ചുള്ള വചന ശുശ്രൂഷ
വചന പഠനത്തിനും ശുശ്രൂഷക്കുമുള്ള വിവിധ അവസരങ്ങൾ
പ്രാർത്ഥനക്കും കൗൺസിലിങ്ങിനുമുള്ള അവസരങ്ങൾ
ഫുജൈറയിൽ
എല്ലാ വെള്ളിയാഴ്ച്ചകളിലും
രാവിലെ 10 മണി മുതൽ 01 മണി വരെ
മില്ലേനിയം ഹോട്ടലിൽ
Ground Floor, Hall No:03
മുസ്സഫയിൽ
എല്ലാ ഞായറാഴ്ചകളിലും
രാത്രി 08 മണി മുതൽ 10 മണി വരെ
മുസ്സഫാ 26 ,കെ എം ട്രേഡിംഗിനു സമീപം
My Food Restaurant Upstair Hall
കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക
Pr.M V SIMON
+971 50 592 2617
Pr.REJI JOHN
+971 55 112 9839



ഐപിസി നാഗാലാൻഡ് സ്റ്റേറ്റ്
ഒന്നാമത്
ജനറൽ കൺവൻഷൻ
റിയോ കോളനി, ദിമാപൂർ, നാഗാലാൻഡ്
2017 ജനുവരി 27, 28, 29 തീയതികളിൽ
ഉദ്ഘാടനം
പ്രസംഗം
പാസ്റ്റർ ജേക്കബ് ജോൺ
പാസ്റ്റർ റോയി ചെറിയാൻ (കേരള)
പാസ്റ്റർ റോയി മാർക്കര (കേരള)
പാസ്റ്റർ തോമസ് കുര്യൻ (യു.എസ്. എ)
ബ്രദർ എം. വി. ഫിലിപ്പ് (കേരള)
You Are Welcome
SPONSORED BY IPC NL MISSION




ഐപിസി നെടുമ്പാശ്ശേരി
ഏരിയ കൺവൻഷൻ
കെ. ഒ. കുരിയപ്പൻസ് ഗ്രൗണ്ട്, കരിയാട്
(കാർണിവൽ ഫുഡ് കോർട്ടിനു എതിർവശം)
2017 ഫെബ്രുവരി 2,3,4,5 (വ്യാഴം മുതൽ ഞായർ വരെ) വൈകിട്ട് 6 ന്
ഉദ്ഘാടനം
പ്രസംഗകർ
പാസ്റ്റർ സണ്ണി മാത്യു (ഏരിയ കൺവീനർ, നെടുമ്പാശ്ശേരി)
പാസ്റ്റർ ബാബു ചെറിയാൻ (പിറവം)
പാസ്റ്റർ വർഗീസ് എബ്രഹാം (രാജുമേത്ര, റാന്നി)
പാസ്റ്റർ കെ.ജെ.തോമസ് (കുമളി)
പാസ്റ്റർ എബി പീറ്റർ (പ്രിൻസിപ്പാൾ കെ.ടി.എസ്. സെമിനാരി കോട്ടയം)
സംഗീതം
ഫേവറൈറ്റ് മെലഡി
തൃശ്ശൂർ
ഏവർക്കും സ്വാഗതം
കൂടുതൽ വിവരങ്ങൾക്ക്
9744283728, 9656364007, 9745878727

# ആത്മീക കണ്ണുകൾ തുറക്കപ്പെടട്ടെ



ഷീല ദാസ്

ദൈവദാസനായ മോശ എല്ലാ യിസ്രായേലിനെയും വിളിച്ചുകൂട്ടി പറഞ്ഞ വേദഭാഗം ആണു ആവർത്തനം 29. അതിൽ ഇങ്ങനെ എഴുതിയിരിക്കുന്നു “ ദൈവം ഇതുവരെ ചെയ്ത എല്ലാ അത്ഭുതങ്ങളും നിങ്ങൾ കണ്ടുവല്ലോ. എന്നാൽ ദൈവം നിങ്ങൾക്ക് കാണുന്ന കണ്ണു ഇതുവരെയും തന്നില്ല. വായിക്കുമ്പോൾ ഇതു വിരോധാഭാസമായി തോന്നാം.എന്താണിതിന്റെ അർത്ഥം?

ലോകം കാണാനുള്ള കണ്ണു എല്ലാവർക്കും ദൈവം തന്നിട്ടുണ്ട്. അതുകൊണ്ട് നമുക്കു ലോകത്തെയും ലോകത്തിലുള്ളതിനെയും കാണാം. ദൈവത്തിന്റെ അത്ഭുതസൃഷ്ടികളെ കാണാം, അത്ഭുതങ്ങളെയും കാണാം. ഇതെല്ലാം കാണുമ്പോഴും നമുക്കു ദൈവത്തെ വിശ്വസിക്കയോ അവിശ്വസിക്കയോ ചെയ്യാം. ദൈവത്തെ ജീവിതത്തിൽ നിന്നും മാറ്റിനിറുത്താം, കുറ്റം പറയാം, പിറുപിറുക്കാം. അതുകൊണ്ടാണു ദൈവം നടത്തിയ യിസ്രായേൽ ജനത്തിനു ദൈവത്തെ തന്റെ അത്ഭുതങ്ങൾക്കനുസരിച്ച് സ്തുതിക്കാൻ പലപ്പോഴും കഴിയാതിരുന്നത്.

കഴിഞ്ഞ നാളുകളിൽ ദൈവം ചെയ്ത നന്മകൾ ഓർത്ത് ദൈവത്തിനു തക്ക മഹത്വം കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ ഓർക്കുക, പുറമേയുള്ള കണ്ണുകൾ കൊണ്ട് മാത്രം ആണു ദൈവത്തെയും അവന്റെ പ്രവർത്തികളെയും കണ്ടത്.

2016 നമ്മെ വിട്ടുപോകുമ്പോൾ ദൈവം ചെയ്ത നന്മകൾക്ക് തക്കവണ്ണം ദൈവത്തെ സ്തുതിക്കാൻ കഴിയണം. പുറം കണ്ണുകളാൽ മാത്രം ദൈവത്തെ അറിയുന്ന സ്ഥിതിയിൽ നിന്നും നമുക്കൊരു മാറ്റം ഉണ്ടാകട്ടെ. കാണുന്ന കണ്ണു ദൈവം തന്നിട്ടില്ല എന്ന് മോശെ പറയുമ്പോൾ അതിൽ മറ്റൊരർത്ഥം ഉണ്ട്. അതായത് പുറം കണ്ണുകൾ കൊണ്ട് കാണുന്നതിനു അപ്പുറമായ എന്തോ ഒന്ന് ദൈവം നടത്തുന്ന ആളുകൾക്ക് കാണാനുണ്ട്. മോശെ കഴിഞ്ഞ 40 വർഷം ദൈവത്തിന്റെ വഴികളെ കണ്ടത് ഈ അകം കണ്ണുകൾ കൊണ്ടാണു. അതുകൊണ്ട് ദൈവം തന്റെ വഴികളെ മോശെയെയും തന്റെ പ്രവർത്തികളെ യിസ്രായേൽ മക്കളെയും അറിയിച്ചു എന്ന് എഴുതിയിരിക്കുന്നു.

അതായത് ജനം അത്ഭുതങ്ങൾ കണ്ടപ്പോൾ മോശെ അത്ഭുതം നടക്കാനുള്ള വഴി കണ്ടു. ഇതാണു ദൈവം നമ്മിൽ നിന്നും ആഗ്രഹിക്കുന്നത്. ലോകമനുഷ്യർ ദൈവത്തെ കാണുന്നതുപോലെ നാം ദൈവത്തെ കാണാൻ ശ്രമിച്ചാൽ നാം പരാജയമായിരിക്കും. മറ്റാരും കാണാത്ത ദൈവപ്രവർത്തികൾ നാം കാണണമെങ്കിൽ നമ്മുടെ അകക്കണ്ണുകൾ തുറക്കപ്പെടണം.

ദൈവത്തിന്റെ അടുക്കൽ വന്ന കാലദൈർഘ്യം കൊണ്ട് അകക്കണ്ണുകൾ തുറന്നു എന്ന് കരുതരുത്, കാരണം അങ്ങനെയെങ്കിൽ 40 വർഷത്തെ അനുഭവസമ്പത്തുള്ളവരുടെ കണ്ണു തുറന്നിട്ടില്ല എന്നല്ലേ മോശെ പറഞ്ഞത്. ദീർഘവർഷങ്ങളായി ഏലിശാ പ്രവാചകന്റെ നിഴൽ പോലെ നടന്ന ശിഷ്യന്റെ കണ്ണു തുറക്കപ്പെടുവാൻ പ്രവാചകൻ പ്രാർത്ഥിക്കേണ്ടിവന്നില്ലേ?

കൂടെ നടക്കുന്ന പ്രവാചകൻ എത്ര വലിയ അത്ഭുതം ചെയ്യുന്നവൻ ആയിരുന്നാലും നമ്മുടെ കണ്ണുകൾ തുറക്കപ്പെട്ടില്ലെങ്കിൽ, നാം സാധാരണക്കാരെപ്പോലെ ശത്രുസൈന്യത്തെ കണ്ടു ഭയപ്പെട്ട് നിലവിളിക്കേണ്ടിവരും എന്നാൽ കണ്ണുകൾ തുറക്കപ്പെട്ടാൽ ലോകമനുഷ്യർ കാണാത്ത സ്വർഗ്ഗീയ സൈന്യത്തെ നാം കാണും നിശ്ചയം.

യുദ്ധം കാണുവാൻ, ശത്രുവിന്റെ വലിപ്പം കാണുവാൻ പുറമേയുള്ള കണ്ണുകൾ മതി. എന്നാൽ വിടുതലും ദൈവപ്രവർത്തിയും കാണാൻ ഹൃദയ ദൃഷ്ടി പ്രകാശിക്കണം.

ജീവിതത്തിൽ നമ്മെ വേദനിപ്പിക്കുന്ന സകല പ്രശ്നങ്ങളുടെയും പിൻപിൽ വ്യാപരിക്കുന്ന ദൈവകരത്തെ കാണാൻ നമ്മുടെ അകക്കണ്ണുകൾ തുറക്കപ്പെടാൻ പ്രാർത്ഥിക്കാം.

2016ൽ നമുക്കു സംഭവിച്ച സകല പരാജയങ്ങളുടെയും പിൻപിൽ ഉണ്ടായിരുന്ന കാരണം കണ്ണുകൾ വേണ്ടതുപോലെ തുറന്നിരുന്നില്ല എന്ന് സമ്മതിക്കയും എന്റെ കണ്ണുകൾ ഒന്നു തുറക്കപ്പെടണേ എന്ന് പ്രാർത്ഥിക്കയും ചെയ്യാൻ തുനിഞ്ഞാൽ വരും വർഷത്തിലെ ദിനങ്ങൾ ഓരോന്നും അത്ഭുതം കാണുന്ന ദിനങ്ങൾ ആയിരിക്കും സംശയമില്ല.


നമുക്കു അതിനായി സമർപ്പിക്കാം. നമ്മെ കാത്തിരിക്കുന്ന അത്ഭുതങ്ങളെ നാം അവഗണിക്കരുതേ,.

വലിയവ പ്രതീക്ഷിച്ചുകൊണ്ട് 2016 നോട് വിട പറയാം 2017 നെ നമുക്കു സ്വീകരിക്കാം. ദൈവം സഹായിക്കട്ടെ.

## NEERURAVA

Managing Editor
Pr. George Mathew
Chief Editor
Pr. Biji Philip
Associate Editors
Pr. Pradeep Kumar
Sunil Varghese
Binu Vadakkancherry
Circulation Manager
Bro. Renjith. K. Mathew
Contributing Editors
Beena Thoolika News
Pr. JP Vennikkulam
Shaiju Daniel
Finny Kanjangad
Joshy Kurian
Jaison Manakkala
Sheena Tomy




# Apple Mac OS-നു വേണ്ടിയുള്ള ആദ്യ മലയാളം ബൈബിൾ ആപ്പ് 2017 ജനുവരി 1നു പുറത്തിറങ്ങി

amIv OS (Apple Mac OS)-നു വേണ്ടിയുള്ള ആദ്യ മലയാളം ബൈബിള് സോഫ്റ്റ്വെയര് 2017 ജനുവരി 1നു പുറത്തിറങ്ങി.

വായിക്കുന്ന ഭാഗം അതെസമയം തന്നെ ശ്രവിക്കുവാന് കൂടി സഹായിക്കുന്ന ഓഡിയോ ബൈബിള് ഇന്റഗ്രേഷന് ഈ ആപ്പിന്റെ മാത്രം സവിശേഷതയാണ്.

നിലവില് ആന്ഡ്രോയിഡ്, വിന്ഡോസ് ഡെസ്ക്ടോപ്പ് വെര്ഷനുകള് ലഭ്യമാണ്. iOS ആപ്പ് പണിപ്പുരയിലാണ്. ഡൌൺലോഡ് ചെയ്യുവാൻ www.godsownlanguage.com/mal/MacOS_Bible സന്ദർശിക്കുക.

മലയാളത്തില് ഇന്ന് ലഭ്യമായിരിക്കുന്ന വിവിധ ക്രൈസ്തവ റിസോര്സുകള് ഒരു കുട കീഴില് സൌജന്യമായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പ്രവര്ത്തനം ആരംഭിച്ച www.GodsOwnLanguage.com എന്ന വെബ്സൈറ്റിന്റെ പിന്നണി പ്രവര്ത്തകരുടെ ശ്രമഫലമായാണ് മലയാളം ബൈബിൾ സൗജന്യ ഓണ്ലൈന് ആപ്ലിക്കേഷന് രൂപത്തില് പുറത്തിറങ്ങിയത്.

ഈ ബൈബിള് ഓണ്ലൈന് വായിക്കുവാനും, നിങ്ങളുടെ വെബ്സൈറ്റ് / ബ്ലോഗ്ഗില് സൗജന്യമായി ആഡ് ചെയ്യുവാനും സന്ദർശിക്കുക : www.malayalambible.info


വേദനിക്കുന്ന മനസ്സുകൾക്ക് ആശ്വാസമായി, തളരുന്ന ജീവിതങ്ങൾക്ക് സാന്ത്വനമായി
നിങ്ങളുടെ ഹൃദയത്തോട് ചേർത്ത് വെയ്ക്കാൻ , ജീവൻ തുളുമ്പുന്ന ക്രിസ്തീയ ഗാനങ്ങളുടെ ഒരു വൻ ശേഖരം
ഇതാ നിങ്ങൾക്കായി, നിങ്ങളുടെ വിരൽത്തുമ്പിൽ...
RAFA RADIO
റാഫാ റേഡിയോ
Broadcasting Music, Healing Souls | 24x7 LIVE
KRAISTHAVA EZHUTHUPURA
റാഫാ റേഡിയോയുടെ മൊബൈൽ ആപ്പ്ളിക്കേഷൻ ആന്റ്രോയിഡ് പ്ലേ സ്റ്റോറിൽ നിന്നും ആപ്പിൾ ആപ്
സ്റ്റോറിൽ നിന്നും സൗജന്യമായി ഡൗൺലോട് ചെയ്ത് റാഫാ റേഡിയോ ശ്രവിക്കുവാൻ കഴിയുന്നതാണ്...
www.rafaradio.com
email : rafaradiomail@gmail.com | youtube : www.youtube.com/rafaradio | twitter : www.twitter.com/radiorafaonline
facebook page : www.facebook.com/radiorafa | whatsapp : 00 971 506 771 132 (UAE) | 00 966 535 638 858 (KSA) | 001 713 870 0251 (USA)


IPC Prayer Centre
തിരുവല്ല ഐ.പി.സി
പ്രെയർ സെന്റർ
ഒരുക്കുന്ന
25th ANNIVERSARY
SILVER JUBILEE YEAR
കരിസ്മാ
ക്രൂസേഡ്
KARISMA CRUSADE
ഉദ്ഘാടന യോഗം:
ജനുവരി 29 ഞായർ
രാവിലെ 8:30 ന്
പാസ്റ്റർ രാജു പൂവക്കാല
ഐ.പി.സി പ്രെയർ സെന്റർ സ്റ്റേഡിയം,
ജോസീസ് ജംഗ്ഷൻ, റെയിൽവേ ക്രോസിന് സമീപം,
മഞ്ഞാടി, തിരുവല്ല
2017 ജനുവരി
29 ഞായർ മുതൽ
ഫെബ്രുവരി
5 ഞായർ വരെ
തിങ്കൾ മുതൽ ശനിവരെ രാവിലെ 10 മണി
വൈകിട്ട് 6 മണി പൊതുയോഗം
സമാപനയോഗം: ഫെബ്രുവരി 5 ഞായർ 6.30 ന്
ജൂബിലി സമ്മേളനം: ഫെബ്രുവരി 4 ശനി 2.30 ന്
പ്രാസംഗികർ
പാസ്റ്റേഴ്സ് കെ.സി. ജോൺ (നെടുമ്പ്രം), ബാബു ചെറിയാൻ (പിറവം), കെ.കെ. ചെറിയാൻ (റാന്നി), രാജേഷ് ഏലപ്പാറ
കെ. ജോയി (സുൽത്താൻ ബത്തേരി), രാജു മേത്ര (റാന്നി), കെ.ജെ. തോമസ് (കുമളി), തോമസ് മാമ്മൻ (കോട്ടയം),
റ്റി.ഡി. ബാബു (എറണാകുളം) വറുഗീസ് ബേബി (കായംകുളം), പ്രിൻസ് റാന്നി, സേവ്യർ ജയിംസ് (എറണാകുളം)
ഐ. ജോൺസൻ (അടൂർ), ജോയി പാറയ്ക്കൽ (തൃശൂർ), പി.സി. ചെറിയാൻ (റാന്നി)
യോഗാനന്തരം വാഹനസൗകര്യം ഉണ്ടായിരിക്കുന്നതാണ്.
ഏവർക്കും സ്വാഗതം
• പ്രാർത്ഥന • ആരാധന
• കൗൺസിലിംഗ് • രോഗശാന്തി
ഗാനശുശ്രൂഷ
പ്രെയർ സെന്റർ
വോയ്സ്
30 ബ്രദർ ജോസ് സഖറിയ (സെക്രട്ടറി) – 9447563009 പാസ്റ്റർ രാജു പൂവക്കാല – 9847032151